LIBRARY ARCHIVES Kerala Legislative Assembly

ചാവക്കാട് ഫർക്ക റൂറൽ ബാങ്കിലെ അഴിമതി

255(5414) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ അഴിമതി ആരോപണത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ചാവക്കാട് ഫർക്ക കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്കിലെ അഴിമതി ആരോപണത്തിന്മേൽ സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം അന്വേഷണം നടന്നുവരുന്നു.

(ബി) ഗുരുവായൂർ കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിലെ നിയമനവുമായി ബന്ധപ്പെട്ട് പോലീസ് വിജിലൻസ് കേസെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉണ്ട്. സഹകരണ നിയമം 66 പ്രകാരം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തുടർന്ന് ബാങ്കിനുണ്ടായ നഷ്ടം ഈടാക്കുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതാണ്.

മുഹ സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ

256(5415) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മുഹ സഹകരണ ബാങ്കിലെ പണമിടപാടുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) എങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് അറിയിക്കുമോ; ഇതിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

മുഹ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്.എഫ്. 33-ന്റെ മുൻ സെക്രട്ടറിമാരും, ഭരണസമിതിയും ചട്ട വിരുദ്ധമായും അനധികൃതമായും അംഗങ്ങൾക്ക് വായ്പ നൽകിയതിലൂടെ ഭീമമായ തുക കുടിശ്ശിക വരുത്തുകയും ബാങ്ക് പ്രതിസന്ധിയിലാവുകയും ചെയ്തു. നൽകിയ വായ്പ വർഷാവർഷം പലിശയോടുകൂടി പുതുക്കി നൽകിയതിനാലാണ് ഈടുവച്ച ആസ്തിയെക്കാൾ കൂടുതൽ തുക വായ്പയായി മാറിയത്. ബാങ്കിലെ മുൻ സെക്രട്ടറിമാരായ ശ്രീ.നാരായണൻ നമ്പ്യാർ, ശ്രീ. ശങ്കരഭട്ട്, മുൻ പ്രസിഡന്റ് എസ്. നാരായണ, പ്യൂൺ ശ്രീ. വാസു ബി. എന്നിവരാണ് ഉത്തരവാദികൾ.